AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
THIRUVANANTHAPURAM

# Press Release

PR . 178/2018 20.08.2018

## കാർഷിക കടങ്ങൾക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചു

സംസ്ഥാനത്ത് കാർഷികമേഖലയിലുണ്ടായിട്ടുള്ള കനത്ത നഷ്ടം പരിഗണിച്ച് കാർഷിക കടങ്ങൾക്ക് മേലുള്ള പലിശയ്ക്ക് ഒരു വർഷത്തെ മൊറട്ടോറിയം അനുവദിച്ചതായും കാർഷിക കടങ്ങളുടെ തിരിച്ചടവ് 5 വർഷത്തേക്ക് പുനഃക്രമീകരണം ചെയ്തിട്ടുള്ളതായും കൃഷിമന്ത്രി അറിയിച്ചു. ഇന്ന് നടന്ന സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി മീറ്റിംഗിൽ മന്ത്രി അഡ്വ. വി.എസ്. സുനിൽകുമാറിന്റെ അഭ്യർത്ഥന പ്രകാരമാണ് കമ്മിറ്റി ഇക്കാര്യത്തിൽ തീരുമാനമെടുത്തത്. കാർഷിക കടങ്ങൾക്ക് സർഫേസി ആക്ട് പ്രകാരം ജപ്തി നടപടികൾ സ്വീകരിക്കുകയില്ലെന്നും അധികൃതർ ഉറപ്പുനൽകുകയുണ്ടായി. 2.8 ലക്ഷം കർഷകരുടെ 46000 ഹെക്ടർ കൃഷിയും 1050 കോടിയുടെ നാശനഷ്ടവുമാണ് പ്രാഥമിക വിവരശേഖരണത്തിൽ ഇതുവരെ ലഭ്യമായിട്ടുള്ളത്.

**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**

Farm Information Bureau, Kowdiar, Thiruvananthapuram - 695 003
Website: www.fibkerala.gov.in Email:fibtvm@gmail.com
Telephone: 0471 2317314